"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള ശുചിത്വ മിഷൻ വിഹിതം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും വിനിയോഗിക്കുന്നതിനു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് യഥേഷ്ടാനുമതി നൽകി - ഉത്തരവ് - പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

G.O.(Rt)No.1052/2021/LSGD തീയതി,തിരുവനന്തപുരം, 27/05/2021

---

പരാമർശം:- 1 08.02.2021-ലെ DC1/26/2021/തസ്വഭവ നമ്പർ സർക്കുലർ

2 ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 22.04.2021-ലെ 243/E1/2021/SMനമ്പർ കത്ത്

**ഉത്തരവ്**

മഴക്കാലത്തോടനുബന്ധിച്ചുള്ള പകർച്ചവ്യാധി പ്രതിരോധത്തിന്റെ ഭാഗമായി മുൻ വർഷങ്ങളിലേതു പോലെ തദ്ദേശ സ്വയംഭരണ വകുപ്പും ആരോഗ്യ വകുപ്പും ബന്ധപ്പെട്ട ഇതര വകുപ്പുകളുടെയും ഏജൻസികളുടെയും മിഷനുകളുടെയും സഹകരണത്തിൽ ബഹുജന പ്രസ്ഥാനങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് 2021-ലെ ആരോഗ്യജാഗ്രതാ- പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ 'ആരോഗ്യ സുരക്ഷയ്ക്ക് മാലിന്യ മുക്ത പരിസരം' എന്ന പേരിൽ ക്യാമ്പയിനായി സംഘടിപ്പിക്കുന്നതിന് പരാമർശം (1) സർക്കുലർ പ്രകാരം മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ഇക്കാര്യത്തിലേക്കാവശ്യമായ ഫണ്ട് വിവിധ സ്രോതസുകളിൽനിന്ന് ഗ്രാമപഞ്ചായത്ത്/നഗരസഭ/മുനിസിപ്പൽ കോർപ്പറേഷനുകൾ ലഭ്യമാക്കുമെന്നു വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്/നഗരസഭയ്ക്ക് മഴക്കാലപൂർവ്വ ശുചീകരണത്തിന് വാർഡ് ഒന്നിന് ചെലവഴിക്കാവുന്ന പരമാവധി തുക **25,000 രൂപയാണ്.** ആയതിൽ **ശുചിത്വ മിഷൻ വിഹിതം 10,000 രൂപയും,** എൻ.എച്ച്.എം. വിഹിതം 10,000 രൂപയും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ട് വിഹിതം 5,000 രൂപയുമാണ്. മുനിസിപ്പൽ കോർപ്പറേഷനുകൾക്ക് വാർഡ് ഒന്നിന് ചെലവഴിക്കാൻ കഴിയുന്ന പരമാവധി തുക **35,000 രൂപയാണ്.** ആയതിൽ **ശുചിത്വ മിഷൻ വിഹിതം 20,000 രൂപയും,** എൻ എച്ച് എം വിഹിതം 10000 രൂപയും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ട് വിഹിതം 5,000 രൂപയുമാണ്.

2. വാർഡ്തല പ്രവർത്തന രേഖയുടെ ആവശ്യകത അനുസരിച്ചാണ് ഈ തുക ചെലവഴിക്കേണ്ടത്. ശുചിത്വമിഷന്റെ വിഹിതം സർക്കാർ തീരുമാനപ്രകാരം ഗ്രാമപഞ്ചായത്ത്/നഗരസഭ/കോർപ്പറേഷനുകൾക്ക് കൈമാറുമെന്നും മുൻവർഷത്തെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കുന്ന സ്ഥാപനങ്ങൾക്ക് മാത്രമായിരിക്കും തുക നൽകുന്നതെന്നും കഴിഞ്ഞ വർഷത്തെ തുക മിച്ചമുണ്ടെങ്കിൽ അതു കിഴിവ് ചെയ്ത ശേഷമായിരിക്കും ഫണ്ട് നൽകുന്നത് എന്നും ഈ നിബന്ധന എൻ.എച്ച്.എം വിഹിതത്തിനും, തദ്ദേശ സ്വയംഭരണസ്ഥാപന വിഹിതത്തിനും ബാധകമായിരിക്കും എന്നും, പ്രസ്തുത മാർഗ്ഗനിർദേശങ്ങളിൽ വ്യക്തമാക്കിയിരുന്നു. എന്നാൽ ശുചിത്വ മിഷന്റെ പ്ലാൻ പദ്ധതികൾക്കുള്ള ഭരണാനുമതി

ലഭ്യമാക്കുവാൻ താമസം നേരിടുമെന്നതിനാൽ ശുചിത്വ മിഷൻ വിഹിതം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുന്നതിനു കാലതാമസം ഉണ്ടാകുമെന്നും ഈ സാഹചര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും ശുചിത്വ മിഷൻ വിഹിതം കൂടി വിനിയോഗിക്കുന്നതിനു യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കണമെന്നു ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിരുന്നു

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തങ്ങളുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വാർഡ് ഒന്നിന് വിനിയിഗിക്കുവാൻ കഴിയുന്ന പരമാവധി തുക താഴെ പറയും പ്രകാരം പുതുക്കി നിശ്ചയിച്ചുകൊണ്ടും, മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ അടിയന്തരമായി നടപ്പിലാക്കേണ്ട സാഹചര്യം ഉള്ളതിനാൽ ആയത് നടപ്പിലാക്കുന്നതിനുള്ള ശുചിത്വ മിഷൻ വിഹിതം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും വിനിയോഗിക്കുന്നതിനു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് യഥേഷ്ടാനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗ്രാമപഞ്ചായത്ത് /നഗരസഭ**

മഴക്കാലപൂർവ്വ ശുചീകരണത്തിന് വാർഡ് ഒന്നിന് ചെലവഴിക്കാവുന്ന പരമാവധി തുക **30,000/- രൂപ**. (ശുചിത്വ മിഷൻ വിഹിതം **10,000** രൂപ, എൻ.എച്ച്.എം. വിഹിതം **10,000** രൂപ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ട് വിഹിതം **10,000** രൂപ)

**മുനിസിപ്പൽ കോർപ്പറേഷൻ**

മഴക്കാലപൂർവ്വ ശുചീകരണത്തിന് വാർഡ് ഒന്നിന് ചെലവഴിക്കാൻ കഴിയുന്ന പരമാവധി തുക **40,000 രൂപ**. (ശുചിത്വ മിഷൻ വിഹിതം **20,000** രൂപ, എൻ.എച്ച്.എം വിഹിതം **10000** രൂപ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ട് വിഹിതം **10,000** രൂപ.

4. സൂചന(1) പ്രകാരമുള്ള മാർഗ്ഗനിർദേശങ്ങളുടെ അടിസ്ഥാനത്തിൽ ശുചിത്വ മിഷൻ വിഹിതം അനുവദിക്കുന്ന മുറയ്ക്ക് ശുചിത്വ മിഷൻ വിഹിതമായി തനത് ഫണ്ടിൽ നിന്നും വിനിയോഗിക്കുന്ന തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരികെ തനത് ഫണ്ടിൽ വകയിരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

R S KANNAN

SPECIAL SECRETARY

എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്

പഞ്ചായത്ത് ഡയറക്ടർ

നഗരകാര്യ ഡയറക്ടർ

ആരോഗ്യ- കുടുബക്ഷേമ വകുപ്പ്

ഗ്രാമവികസന കമ്മീഷണർ

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ

സ്റ്റേറ്റ് മിഷൻ ഡയറക്ടർ , ദേശീയ ആരോഗ്യ ദൗത്യം

എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും ( പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ നഗരസഭകൾക്കും ( നഗരകാര്യ ഡയറക്ടർ മുഖേന)

എല്ലാ മുനിസിപ്പൽ കോർപറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

മാനേജിങ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E& RSA) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം,

Harikumar

സെക്ഷൻ ഓഫീസർ.

പകർപ്പ്-

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്